സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വഴിപാട് standardization - ഗുണമേന്മയുള്ള സാധനങ്ങൾ ക്ഷേത്രത്തിൽ ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കൽ - ദേവസ്വങ്ങളിലെ പൂജാ/വഴിപാട് സാധനങ്ങൾ സപ്ലൈ -- ബോർഡ് നേരിട്ടു ചെയ്യുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 87/16/Est-1 നന്തൻകോട്, 10 /06/2016

---

പരാമർശം :- 1) 02-03-2016 ലെ കോൺഫറൻസ്.
2) 29-03-2016 ലെ മേൽ നമ്പർ ഉത്തരവ്.

## ഉത്തരവ്

ദേവസ്വം ഭരണം മെച്ചപ്പെടുത്തുന്നതിനും റവന്യൂ വർദ്ധിപ്പിക്കുന്നതിനും മറ്റുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 02-03-2016 -ൽ സുമംഗലി ആഡിറ്റോറിയത്തിൽ വിളിച്ചുചേർത്ത ദേവസ്വം ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനത്തിൽ Food Safety Act & Measurs Act പ്രാബല്യത്തിലുള്ളതിനാൽ അതനുസരിച്ചുള്ള ഗുണനിലവാരവും അളവും പാലിക്കേണ്ടതുള്ളതിനാൽ ഗുണമേന്മയുള്ള സാധനങ്ങൾ മാത്രമെ ദേവസ്വങ്ങളിൽ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിലേക്ക് പൂജാസ്റ്റാളുകൾ ഡിപ്പാർട്ടുമെന്റ് നേരിട്ടു നടത്തേണ്ടതാണെന്നും, ദേവസ്വങ്ങളിൽ വഴിപാട് ഐറ്റങ്ങൾ സപ്ലെയർ ചെലവെഴുതി അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർ സപ്ലൈ ചെയ്യുന്ന നിലവിലെ രീതി ഒഴിവാക്കി ടി പ്രകാരം ആരംഭിക്കുന്ന സ്റ്റാളിൽ നിന്നും വഴിപാടിനാവശ്യമായ ഐറ്റങ്ങൾ എടുത്ത് ഉപയോഗിക്കുന്നതിനും ഇതിലേക്ക് പ്രത്യേകം രജിസ്റ്റർ/റിക്കാർഡുകൾ പരിപാലിക്കുന്നതിനും മറ്റും തീരുമാനിക്കുകയും ഇതുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പഠിച്ച് വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കുന്നതിന് റിട്ടയേർഡ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. ബി. ഉണ്ണികൃഷ്ണനെ (ആമ്പാടി, റ്റി.സി. 10/1155, വട്ടിയൂർക്കാവ് പി.ഒ., തിരുവനന്തപുരം) നിയോഗിച്ചും പരാമർശം 2 ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീ. ബി. ഉണ്ണികൃഷ്ണൻ, ടി ഡ്യൂട്ടി നിർവ്വഹിക്കുന്നതിന് അസൗകര്യം അറിയിച്ചിട്ടുള്ളതിനാൽ വഴിപാട് standardization നടപ്പാക്കുന്നതിന്റെ ഭാഗമായി സ്റ്റാളുകൾ എവിടെയെല്ലാം ഏർപ്പെടുത്തണമെന്നും ഏതു രീതിയിൽ ഐറ്റങ്ങൾ ശേഖരിക്കാമെന്നും എവിടെ ആയത് സ്റ്റോർ ചെയ്യാമെന്നും എങ്ങനെ വിതരണം ചെയ്യണം എന്നും ഇതിലേക്ക് വിവിധ ആഫീസുകളിലും ദേവസ്വങ്ങളിലും ഏതെല്ലാം രജിസ്റ്ററുകളും റിക്കാർഡുകളും പാലിക്കപ്പെടണമെന്നും ഉള്ളത് സംബന്ധിച്ച് പഠിച്ച് വിശദമായ പഠന റിപ്പോർട്ട് രണ്ട് മാസത്തിനകം സമർപ്പിക്കുന്നതിന് ശ്രീ. ബി. ഉണ്ണികൃഷ്ണന് പകരം ദേവസ്വം അക്കൗണ്ട്സ് ആഫീസർ ശ്രീ. ബി. സന്തോഷ്കുമാറിനേയും അദ്ദേഹത്തിന്റെ സഹായത്തിനായി തിരുവനന്തപുരം ഗ്രൂപ്പിലെ ശ്രീകണ്ഠേശ്വരം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. ജി. സന്തോഷ് -നെയും ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. All Heads of Offices
2. ശ്രീ. ബി. സന്തോഷ്കുമാർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസ് (29-03-2016 ലെ മേൽ നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു).
3. ശ്രീ. ജി. സന്തോഷ്, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ശ്രീകണ്ഠേശ്വരം ദേവസ്വം, തിരുവനന്തപുരം ഗ്രൂപ്പ്.
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

EDP Sect.

SK

3.6.16